LIBRARY ARCHIVES Kerala Legislative Assembly

സുനാമി ദുരന്തത്തെ തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾ

* 26 [26] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ:

,, കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 26-ന് ഉണ്ടായ സുനാമി ദുരന്തത്തിൽ ജീവഹാനി ഉൾപ്പെടെ സംസ്ഥാനത്ത് ഉണ്ടായ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്രത്തിൽ നിന്നും വിവിധ ഇനങ്ങളിലായി ലഭിച്ച സഹായം എത്രയാണ്;

(സി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ഡി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തെ വിവിധ സന്നദ്ധ സംഘടനകൾ, സർവ്വീസ് സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവ നൽകിയ സേവനങ്ങളും സംഭാവനകളും വെളിപ്പെടുത്തുമോ;

(ഇ) ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ സുതാര്യത ഉറപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) സുനാമി ദുരന്തത്തിൽ കേരളത്തിൽനിന്നും 203 പേർ (കേരളത്തിൽ 171 പേരും സംസ്ഥാനത്തിന് പുറത്ത് 32 പേരും) മരണപ്പെട്ടു. ഭവന മേഖല, കാർഷിക മേഖല, മത്സ്യബന്ധന മേഖല തുടങ്ങിയ വിവിധ മേഖലകളിലായി പ്രാഥമികമായി തിട്ടപ്പെടുത്തിയ കണക്കുകളനുസരിച്ച് 1358.62 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(ബി) 100 കോടി രൂപ.

(സി) ആവശ്യാനുസരണം ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു. ഭക്ഷണം, വൈദ്യസഹായം, കുടിവെള്ള വിതരണം തുടങ്ങിയ അവശ്യസേവനങ്ങൾ ക്യാമ്പുകളിലെത്തിച്ചു. മൃതശരീരങ്ങൾ അവകാശികൾക്ക് നൽകുവാൻ സത്വര നടപടികൾ സ്വീകരിച്ചു. സാംക്രമിക രോഗങ്ങൾ വരാതിരിക്കുവാനും, പുസ്തകം, നോട്ടുബുക്കുകൾ, യൂണിഫോം എന്നിവ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്നതിനും റേഷൻ കാർഡ് മറ്റ് സർട്ടിഫിക്കറ്റുകൾ എന്നിവ നഷ്ടപ്പെട്ടവർക്ക് പുതിയത് നൽകുന്നതിനും നടപടി സ്വീകരിച്ചു.

തീരദേശ കുടുംബങ്ങൾക്കും, അഴിമുഖംപോലെയുള്ള ദുരിതബാധിത പ്രദേശങ്ങളിലെ കുടുംബങ്ങൾക്കും രണ്ട് മാസത്തെ സൗജന്യറേഷൻ അനുവദിച്ചു. പതിക്ക് പറ്റിയവർക്ക് 5,000 രൂപ വീതവും, അംഗഭംഗം സംഭവിച്ചവർക്ക് 25,000 രൂപ

വീതവും, മരണപ്പെട്ട മുതിർന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതവും, കൊല്ലം, ആലപ്പുഴ ജില്ലകളിലെ ക്യാമ്പുകളിൽ ഡിസംബർ 26, 27 തീയതികളിൽ പ്രവേശിപ്പിക്കപ്പെട്ടവർക്ക് 1,000 രൂപ വീതവും ധനസഹായം നൽകി. ദുരിത ബാധിത പ്രദേശങ്ങളിലെ വീടുകൾ നന്നാക്കാൻ സത്വര നടപടികൾ സ്വീകരിച്ചു. താൽക്കാലിക ഷെൽട്ടറുകൾ നിർമ്മിച്ച് ദുരിതബാധിതരെ പുനരധിവസിപ്പിക്കാൻ നടപടി ആരംഭിച്ചു. മത്സ്യബന്ധന മേഖലയിൽ ഉപകരണങ്ങൾ വാങ്ങുന്നതിനും, കേടുപാടുകൾ സംഭവിച്ചത് നന്നാക്കുന്നതിനും സഹായധനം നൽകുന്നതിനും തീരുമാനിച്ചു. തീരദേശ മത്സ്യബന്ധന മേഖലയിൽ നൽകിയ വായ്പകളുടെ തിരിച്ചടവ് ആറ് മാസത്തേയ്ക്ക് നീട്ടിവയ്ക്കുവാൻ തീരുമാനിച്ചു.

(ഡി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വേണ്ടി വിവിധ സംഘടനകൾ, ദുരന്തമുണ്ടായ ദിവസം മുതൽ പല വിലപ്പെട്ട സംഭാവനകളും നൽകിയിട്ടുണ്ട്. പുനരധിവാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ സംഘടനകളും മുന്നോട്ടു വന്നിട്ടുണ്ട്. സന്നദ്ധ സംഘടനകളുടെ യോഗം രണ്ട് പ്രാവശ്യം കൂടുകയും അവരുടെ സഹായ വാഗ്ദാനങ്ങളെ ക്രോഡീകരിച്ച് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ദുരിതാശ്വാസം സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മുഖ്യമന്ത്രി അദ്ധ്യക്ഷനും, റവന്യൂവും നിയമവും വകുപ്പുമന്ത്രി കൺവീനറും വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ അംഗങ്ങളുമായി ഒരു സംസ്ഥാനതല ഏകോപന സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ഇതിനോടകം രണ്ട് പ്രാവശ്യം യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയുണ്ടായി.

സുനാമി ദുരന്തം

*27 [27] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽപ്പെട്ട് കേരളത്തിൽ എത്ര പേർ മരിച്ചു; എത്ര പേരെ കാണാതായി; എത്രപേർക്ക് പരിക്കുപറ്റി എന്നറിയിക്കാമോ;

(ബി) സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സുനാമി ദുരന്തം നേരിടുന്നതിനായി കേന്ദ്രസർക്കാർ എന്തുതുക നൽകിയിട്ടുണ്ട്; ഈ ആവശ്യത്തിലേക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര തുക ലഭ്യമായിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ഡി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് ഏത് വകുപ്പാണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly